**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2243** **05-02-2026-ൽ മറുപടിയ്ക്ക്**

**<u>ചെറുവട്ടൂർ ആയുർവേദ ആശുപത്രി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ആന്റണി ജോൺ

ശ്രീ. ആന്റണി ജോൺ

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** കോതമംഗലം മണ്ഡലത്തിലെ ചെറുവട്ടൂർ ആയുർവേദ ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതിന് ഇതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ;

**<u>മറുപടി:</u>** എറണാകുളം ജില്ലയിലെ കോതമംഗലം മണ്ഡലത്തിൽ നിലവിൽ 10 കിടക്കകളോടെ പ്രവർത്തിച്ചുവരുന്ന ചെറുവട്ടൂർ സർക്കാർ ആയുർവ്വേദ ആശുപത്രിയെ 30 കിടക്കകളുള്ള ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിച്ചിരുന്നു. ചെറുവട്ടൂർ സർക്കാർ ആയുർവേദ ആശുപത്രിയെ 30 കിടക്കകളുള്ള ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുമ്പോൾ ഭാരതീയ ചികിത്സാ വകുപ്പിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പ്രകാരം 11 അധിക തസ്തികകൾ ആവശ്യമായി വരുന്ന സാഹചര്യത്തിലും, ടി ആശുപത്രിയുടെ സമീപ പ്രദേശത്ത് കിടത്തി ചികിത്സാ സൗകര്യമുള്ള മറ്റ് 3 സർക്കാർ ആയുർവേദ ആശുപത്രികൾ ഉള്ള സാഹചര്യത്തിലും, ചെറുവട്ടൂർ സർക്കാർ ആയുർവേദ ആശുപത്രിയെ 30 കിടക്കകളുള്ള ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നത് നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**(ബി)** എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ഇവിടെ നടപ്പിലാക്കുവാൻ തീരുമാനിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 2024-25 സാമ്പത്തിക വർഷത്തിൽ ചെറുവട്ടൂർ സർക്കാർ ആയുർവേദ ആശുപത്രിയുടെ ഉപയോഗ ശൂന്യമായ പഴയകെട്ടിടം പൊളിച്ച് പുതിയ ഒ.പി.ബ്ലോക്ക് നിർമ്മിക്കുന്നതിനായി നാഷണൽ ആയുഷ് മിഷനിൽ നിന്നും ഒരു കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുള്ളതും ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

**(സി)** ഇതുമായി ബന്ധപ്പെട്ട നടപടികൾ വേഗത്തിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** 2024-25 സാമ്പത്തിക വർഷത്തിൽ ചെറുവട്ടൂർ സർക്കാർ ആയുർവേദ ആശുപത്രിയുടെ ഉപയോഗ ശൂന്യമായ പഴയകെട്ടിടം പൊളിച്ച് പുതിയ ഒ.പി.ബ്ലോക്ക് നിർമ്മിക്കുന്നതിനായി നാഷണൽ ആയുഷ് മിഷനിൽ നിന്നും ഒരു കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുള്ളതും ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

**സെക്ഷൻ ഓഫീസർ**